Attn to All DCPOs - DCPO Salary, TA

ICPS4/9444/2015

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി:02/05/2014

**സർക്കുലർ**

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ്-ഐ.സി.പി.എസ്- ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശമ്പളം,യാത്രാബത്ത തുടങ്ങിയവ സംബന്ധിച്ച്.

സൂചന:- സ. ഉ. സാ.ധാ .നം.46/2015/സ.നീ.വ തീയതി 30.01.2015

സൂചന പ്രകാരം സംസ്ഥാനത്തെ പന്ത്രണ്ട് ശിശു സംരക്ഷണ പദ്ധതി യൂണിറ്റുകളിൽ DCPO മാരെ സാമൂഹ്യ നീതി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചു കൊണ്ട് സർക്കാർ ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിലും DCPO മാർ ചുമതലയേറ്റിട്ടുണ്ട്. എന്നാൽ ടി ജീവനക്കാർക്ക് ഇതു വരെ ശമ്പളം നൽകുവാനായിട്ടില്ല. ട്രഷറി വഴി തന്നെ ശമ്പളം,യത്രാബത്ത അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും, DCPO-മാരെ DDO-മാരാക്കുന്നതിനുമായി സർക്കാരിന് പ്രൊപ്പോസൽ നൽകുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ലഭ്യമാകാൻ കാലതാമസം നേരിടും എന്നതിനാൽ തത്ക്കാലം TSB A/C ൽ നിന്നും നേരിട്ട് DCPO മാർക്ക് ശമ്പളവും യാത്രാബത്തയും നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു. DCPO മാരായി ചുമതലയേറ്റ ജീവനക്കാർക്ക് ആ തീയതി മുതൽക്കുള്ള ശമ്പളം ലഭ്യമാക്കുന്നതിനായി DCPO-മാർ താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പാലിക്കേണ്ടതുണ്ട്.

(1) ബന്ധപ്പെട്ട ട്രഷറികളിൽ നിന്നും ലാസ്റ്റ് പേ സർട്ടിഫിക്കേറ്റ് അക്കൗണ്ട് ജനറലിന്റെ മേലൊപ്പിനായി അയച്ചുകൊടുക്കുവാൻ ട്രഷറി അധികൃതരോട് ആവശ്യപ്പെടണം. ലാസ്റ്റ് പേ സർട്ടിഫിക്കേറ്റിന്റെ ഒരു പകർപ്പ് ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

(2) അക്കൗണ്ട് ജനറൽ ഓഫീസിൽ നിന്നും ലാസ്റ്റ് പേ സർട്ടിഫിക്കേറ്റ് മേലൊപ്പിട്ടുകിട്ടുന്ന മുറയ്ക്ക് ശമ്പളം ഈ ഓഫീസിൽ നിന്നും DCPO-മാർക്ക് നേരിട്ട് ~~നൽകേണ്ടതാണ്~~ നൽകുന്നതാണ്.

(3) DCPO മാരുടെ പേരിൽ സ്പെഷ്യൽ TSB A/C തുടങ്ങുവാനുള്ള അനുമതി ലഭിച്ചിരുന്നു. അക്കൗണ്ട് തുടങ്ങി അതിന്റെ വിശദാംശങ്ങൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(signature)

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

✓ എല്ലാ DCPO മാർക്കും